# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി7/1705/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി7/1705/2021 തീയ്യതി: 10/12/2021

## കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-09-2019 മുതൽ 14-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ | 15-11-2021 | 26-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2021 | 26-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ഗിരീശൻ പാറപ്പൊയിൽ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
സതീഷ്കുമാർ സി.പി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീജിത് കെ.വി,ഓഡിറ്റർ
വിജേഷ് കെ.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഷൈലജ ചെറുവോട്ട് | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.ഷീബ ടി.എം | സെക്രട്ടറി | 01-04-2019 | 30-10-2019 |
| ശ്രീ സുജീഷ് പി കെ,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2019 | 19-12-2019 |
| ശ്രീ കൃഷ്ണ കുമാർ കെ | സെക്രട്ടറി | 20-12-2019 | 31-03-2020 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ബിജേഷ്ഭാസ്കരൻ സി.പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. ഷൈജു ഒ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീ.സാംഫിലിപ്പ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജിജിഷ പി.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി മോളി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ബിനോയ്ബാലകൃഷ്ണൻ എൻ.കെ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി മഞ്ജുഷ ടി | വിഇഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ചന്ദന | അസി.എഞ്ചിനീയർ | 01-04-2019 | 14-07-2019 |
| ശ്രീമതി ഉഷാകുമാരി പി.പി | അസി.എഞ്ചിനീയർ | 15-07-2019 | 23-07-2019 |
| ശ്രീ.സുധീർനാഥ് കെ.സി | അസി.എഞ്ചിനീയർ | 24-07-2019 | 31-03-2020 |
| ഡോ.സനിം വി | വെറ്ററിനറി സർജൻ | 01-04-2019 | 30-10-2019 |
| ഡോ.അശ്വതി | വെറ്ററിനറി സർജൻ | 01-11-2019 | 31-03-2020 |
| ശ്രീ മുഹമ്മദ് നവാസ് | ക്ഷീരവികസനഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ഒ ബാബു | അസി.സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീ സുജീഷ് പി കെ | അസി.സെക്രട്ടറി | 24-07-2019 | 31-03-2020 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-1 |
| 2 | എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-1-1 |
| 3 | എൻ ആർ ഇ ജി എസ് ആക്ഷൻ പ്ലാൻ പ്രകാരമുള്ള തുക ബജറ്റ് ഉൾക്കൊണ്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-1-2 |
| 4 | വാർഷിക പദ്ധതി പ്രകാരമുള്ള തനത് ഫണ്ട് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-1-3 |
| 5 | ബജററിൽ നിന്നുള്ള വ്യതിയാനം-ബജറ്റ് പുതുക്കിയില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-1-4 |
| 6 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-2 |
| 7 | സാമ്പത്തിക വിശകലനം<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-4 |
| 9 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-4-1 |
| 10 | പദ്ധതി പ്രവർത്തനങ്ങളിൽ വീഴ്ച<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-5 |
| 11 | അഭ്യന്തര നിയന്ത്രണം<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-6 |
| 12 | വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ- പഞ്ചായത്തിന് നികുതിയിനത്തിൽ വലിയ സാമ്പത്തിക നഷ്ടം<br>Written By: Vijesh K.K (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-7 |
| 13 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Vijesh K.K (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-8 |
| 14 | അനധികൃത നിർമ്മാണത്തിന് യു.എ നമ്പർ നൽകി നികുതി ഈടാക്കിയില്ല.<br>Written By: Vijesh K.K (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-9 |
| 15 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - പിഴ ഈടാക്കിയില്ല.<br>Written By: Srijith K.V (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-10 |
| 16 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി ചെലവ് അടങ്കൽ ചെയ്തതിന്റെ 30.3 % മാത്രം<br>Written By: Srijith K.V (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-11 |
| 17 | പ്രഭാത ഭക്ഷണം - വിദ്യാർത്ഥികൾക്ക് സുരക്ഷിതമല്ലാത്ത ഭക്ഷണം വാങ്ങി നൽകി | 1-12 |

| | | |
|---|---|---|
| | Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | |
| 18 | പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയതിൽ കുറവ്.<br>Written By: Srijith K.V (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-13 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-4 |
| 5 | വായ്പ<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: SathishKumar C P (Asst. Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

2019 ഫെബ്രുവരി 2 ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ബജറ്റ് 6.2.19 ലെ തീരുമാനം നമ്പർ 28 പ്രകാരം ഭരണസമിതിയും അംഗീകരിച്ചിട്ടുണ്ട്. അംഗീകരിച്ച് എസ്റ്റിമേറ്റ് പ്രകാരം വരവ് ചെലവുകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുനിരിപ്പ് | 11925224 |
| വരവ് | 307551935 |
| ആകെ | 319477159 |
| ചെലവ് | 308399831 |
| നീക്കിയിരിപ്പ് | 11137328 |

ബജറ്റ് തയ്യാറാക്കിയതിലും ബജറ്റിന് അനുസൃതമായി വരവ് ചെലവുകൾ നടത്തുന്നതിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

### 1-1-1 എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്ന കാണാം.

### 1-1-2 എൻ ആർ ഇ ജി എസ് ആക്ഷൻ പ്ലാൻ പ്രകാരമുള്ള തുക ബജറ്റ് ഉൾക്കൊണ്ടില്ല

സ്ഥാപനത്തിന്റെ എൻ ആർ ഇ ജി എസ് ആക്ഷൻ പ്ലാൻ ബജറ്റ് തയ്യാറാക്കുന്നതിന് വളരെ മുമ്പ് തന്നെ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം 17.68 കോടി രൂപയുടെ പ്രവൃത്തികളാണ് നിർവ്വഹിക്കാൻ പ്ലാൻ ചെയ്തത്. എന്നാൽ ബജറ്റ് ഇത് ഉൾക്കൊണ്ടിട്ടില്ല. BS4, BS7 എന്നിവ പ്രകാരം ആകെ 9.06 കോടിയാണ് വരുമാനം പ്രതീക്ഷിച്ചതും ഇതിനനുസൃതമായാണ് BS 9, BS12 എന്നിവ പ്രകാരം ചെലവ് പ്ലാൻ ചെയ്തതും. അംഗീകരിച്ച ആക്ഷൻ പ്ലാൻ ബജറ്റ് ഉൾക്കൊള്ളാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-3 വാർഷിക പദ്ധതി പ്രകാരമുള്ള തനത് ഫണ്ട് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

31.12.2018 തീയതിയിൽ ഡി പി സി അംഗീകരിച്ച വാർഷിക പദ്ധതിയ്ക്കായി 49.75 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ 47.75 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയത്. 2 ലക്ഷം രൂപയുടെ കുറവ് വാർഷിക ബജറ്റിൽ വന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ വർഷാവസാനമാകുമ്പോഴേക്കും തനത് ഫണ്ടിൽ നിന്നും 1.18 കോടി രൂപ വാർഷിക പദ്ധതിയ്ക്ക് നീക്കിവച്ചപ്പോൾ പുതുക്കിയ ബജറ്റിൽ 1.3 കോടി രൂപ (ആവശ്യമുള്ളതിലും കൂടുതൽ തുക) വകയിരുത്തിയതും വിശദീകരിക്കേണ്ടതാണ്.

### 1-1-4 ബജററിൽ നിന്നുള്ള വ്യതിയാനം-ബജറ്റ് പുതുക്കിയില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കെ.പ.രാജ് ആക്ട്, സെക്ഷൻ 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 130100101 വാടക | 46650 | 50000 | 280075 |
| 2 | 140110101 ലൈസൻസ് | 450000 | 350000 | 451350 |
| | | | | |

| | | | | |
|---|---|---|---|---|
| 3 | 140120105 ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 0 | 0 | 205468 |
| 4 | 230 ഒ & എം | 1983256 | 2430000 | 2487354 |

മേല്പറഞ്ഞത് കൂടാതെ, വാർഷിക പദ്ധതിക്ക് വയിരുത്തിയ തുകയും പൂർണ്ണമായും ബജറ്റിൽ ഉൾപ്പെട്ടിട്ടില്ല. അന്തിമ ചെലവ് പത്രിക പ്രകാരം പ്ലാൻ, മെയിന്റനൻസ് ഇനങ്ങളിലായി ആകെ 62429942/-രൂപ വാർഷിക പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. എന്നാൽ പുതുക്കിയ ബജറ്റിൽ 60502789/- രൂപ മാത്രമാണ് പ്രൊവിഷൻ കാണിച്ചത്. തുടക്കത്തിൽ അംഗീകരിച്ച വാർഷിക പദ്ധതിയിൽ സംസ്ഥാന ബജറ്റ് വിഹിതമായ 52998000/-രൂപ വകയിരുത്തുകയും ബജറ്റ് ഇത് ഉൾക്കൊള്ളുകയും ചെയ്തിരുന്നു.

ബജറ്റ് പ്രൊവിഷൻ ഇല്ലാതെ വരവ് ചെലവുകൾ നടത്തിയത് വിശദീകരിക്കേണ്ടതാണ്.

മേല്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നല്കേണ്ടതും തുടർവർഷങ്ങളിൽ അപാകത പരിഹരിച്ച് ബജറ്റ് തയ്യാറാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 132,350/-രൂപ വരവ് രേഖപ്പെടു ത്തിയിട്ടുണ്ടെങ്കിലും രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
3. മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
4. കാലാവധി കഴിഞ്ഞ ചെക്കുകളായി ചങ്ങരോത്ത് സർവ്വീസ് സഹകരണ ബാങ്കിലെ മൂന്ന ചെക്കുകളിലായി 10282/- കാണുന്നുള്ളുവെങ്കിലും വാർഷിക കണക്കിൽ B9 ൽ കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ഹെഡിൽ 160,000/-കാണിച്ചിട്ടുണ്ട്.
5. വാർഷിക കണക്കിൽ ഓഡിറ്റോറിയം, ഹാൾ വാടക ഇനത്തിൽ 8000/-കാണിച്ചിട്ടുണ്ട്. വാടക രജിസ്റ്റർ പ്രകാരം 9126/-രൂപ വരവുണ്ട്.
6. ബിൽഡിംഗ് പെർമിറ്റ് അപ്ലിക്കേഷൻ രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7. വാർഷിക കണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 70,267/- രൂപ ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.
8. ബി -11 ഷെഡ്യൂൾ പ്രകാരം ആസ്തികൾക്ക് ഡിപ്രീസ്യേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
9. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി.3) എന്നത് Fixed Assets (B-11) ന്റേയും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (B-11(A)) യുടേയും ആകെ തുക ആയിരിക്കണം. എന്നാൽ സ്ഥാപനത്തിന്റെ എ.എഫ്.എസ് പരിശോധിച്ചതിൽ ഇവ തമ്മിൽ 8618075/രൂപയുടെ വ്യത്യാസം കാണുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 22708363 |
| വരവ് | 89822919 |
| ആകെ | 112531282 |
| ചെലവ് | 90926379 |
| നീക്കിയിരിപ്പ് | 21604903 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 15239668 | 15239668 | 14644284 | 595384 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 7126647 | 7126647 | 4919017 | 2207630 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 461000 | 461000 | 92200 | 368800 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 7921000 | 7921000 | 3186737 | 4734263 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 5291000 | 5291000 | 2257629 | 3033371 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 13894425 | 13894425 | 7078630 | 6815795 |
| ദുരിതാശ്വാസനിധി | 4056 | 169 | 4225 | | 4225 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 71498131 | 21642961 |
| വികസനഫണ്ട് (എസ്.സി.പി) | 61280381 | 7855781 |

## 1-5 പദ്ധതി പ്രവർത്തനങ്ങളിൽ വീഴ്ച

പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് എന്നീ മേഖലകളിൽ സ്ഥാപനത്തിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ, 26.09.2019 മുതൽ 10.10.2019 വരെ നടന്ന 2018-19 വർഷത്തെ ഓഡിറ്റിൽ വിശദമായി പരിശോധിക്കുകയും, കണ്ടെത്തിയ കാര്യങ്ങളും പരിഹാരനിർദ്ദേശങ്ങളും റിപ്പോർട്ടിലെ ഖണ്ഡിക 1-13 ൽ പ്രതിപാദിക്കുകയും ചെയ്തിരുന്നു. ഓഡിറ്റ് വർഷത്തെ 5 മാസങ്ങൾ കഴിയുമ്പോഴേക്കും അപാകതകൾ എൻക്വയറിയിലൂടേയും എക്സിറ്റ് മീറ്റിംഗിലുമായി സ്ഥാപനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ 6.12.2019ന് പരാമർശം ഉൾപ്പെടുന്ന ഓഡിറ്റ് റിപ്പോർട്ടും സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ സമയബന്ധിതമായി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽ സ്ഥാപനം പരാജയപ്പെട്ടതായി ഓഡിറ്റ് വർഷത്തേയും, തുടർന്നിങ്ങോട്ട് നാളിതുവരെയുമുള്ള പദ്ധതി പ്രവർത്തനങ്ങളിലെ വീഴ്ചകൾ സാക്ഷ്യപ്പെടുത്തുന്നു. സ്റ്റാറ്റസ് റിപ്പോർട്ടുകൾ സമഗ്രവും കാലികവുമാകാത്തത്, ഇതിന്റെ അഭാവത്തിൽ ആവശ്യകതയും മുൻഗണനയും നിശ്ചയിക്കാതെ പ്രോജക്ടുകൾ തെരഞ്ഞെടുക്കപ്പെടുന്നത്, ഇതിന്റെ ഫലമായുള്ള പദ്ധതികളുടെ ആധിക്യം, പദ്ധതികളുടെ ആധിക്യവും ആസൂത്രണമില്ലായ്മയും സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങൾ മൂലം സർക്കാർ ഗ്രാന്റുകൾ നഷ്ടപ്പെടുന്നത്, നിർവ്വഹണത്തിൽ സീസണൽ അപ്രോച്ച് ഇല്ലാത്തത്, വർഷങ്ങളോളം പണം ചെലവഴിച്ചിട്ടും വിവിധമേഖലകളിൽ പുരോഗതിയില്ലാത്തത് എന്നീ കാര്യങ്ങൾ ഖണ്ഡികയിൽ പ്രതിപാദിച്ചിരുന്നു. കൂടാതെ നിർവ്വഹണം മോണിറ്റർ ചെയ്യപ്പെടാത്തതും ഇത് മൂലം പ്രൊജക്ടുകളുടെ ഫലപ്രാപ്തി നിരീക്ഷിക്കപ്പെടാത്തതും

റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന പരിഹാരനിർദ്ദേശങ്ങൾ നല്കുകയും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കി പരാമർശം ഒഴിവാക്കാനും ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നു.

എ) എല്ലാ മേഖലയിലും സമഗ്രമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി മേൽ പരാമർശിച്ച സഹായി ഉപയോഗപ്പെടുത്താവുന്നതും, ഇതിനായി ശേഖരിക്കപ്പെടുന്ന ഡാറ്റാ പരമാവധി കുറ്റമറ്റതാക്കാൻ പ്രസക്തമായ രേഖകളെ ആശ്രയിക്കാവുന്നതുമാണ് .

ബി) മേൽ ഡാറ്റാ വെളിവാക്കുന്ന വികസന വിടവ് നികത്തുന്നതായിരിക്കണം പ്രൊജക്ട് നിർദ്ദേശങ്ങൾ

ഡി) പ്രൊജക്ടുകളുടെ ആധിക്യം പരമാവധി കുറച്ച് മുൻഗണനാക്രമത്തിൽ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതും ഫണ്ട് നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

സി) നിർവ്വഹണത്തിൽ സീസണൽ അപ്രോച്ച് സ്വീകരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികൾ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

ഡി) പ്രോജക്ടുകളുടെ കൃത്യമായ നിരീക്ഷണവും ഫലപ്രാപ്തിയും ഉത്തരവാദിത്വമുള്ള അധികാര സ്ഥാനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതാണ്.

എന്നാൽ റിപ്പോർട്ട് ലഭിച്ച് ഏകദേശം ഒരു വർഷത്തോളമെടുത്ത് 11.11.2020 തീയതിയിലാണ് റിപ്പോർട്ടിന് ഒരു മറുപടി സ്ഥാപനം നല്കുന്നത്. ഈ മറുപടിയിൽ സ്റ്റാറ്റസ് റിപ്പോർട്ടിനായി, ഇതിനായുള്ള നിർവ്വഹണ സഹായി ഉപയോഗപ്പെടുത്തുമെന്നും, പദ്ധതികളുടെ ആധിക്യം പരമാവധി കുറക്കുമെന്നും, നിർവ്വഹണത്തിൽ സീസണൽ അപ്രോച്ച് സ്വീകരിക്കുമെന്നും, പദ്ധതികളുടെ നിർവ്വഹണം നിരീക്ഷിക്കുമെന്നും ഖണ്ഡിക 1-13ന്റെ കാര്യത്തിൽ വിശദമാക്കിയിട്ടുണ്ട്.

സ്ഥാപനത്തിന്റെ പ്രവർത്തനമികവ് ഉറപ്പുവരുത്തുന്നതിനും സർക്കാർ ഗ്രാന്റിന്റെ കാര്യക്ഷമവും ഫലപ്രദവുമായ വിനിയോഗം സാധ്യമാക്കുന്നതിനുമായി നല്കിയ മേൽ നിർദ്ദേശങ്ങൾ സ്ഥാപനം പൂർണ്ണമായും അവഗണിച്ചെന്നും, കേവലം റിപ്പോർട്ടിന് മറുപടി തയ്യാറാക്കുന്ന സെക്ഷന്റെ പരിഗണന മാത്രമാണ് പരാമർശത്തിന് ലഭിച്ചതെന്നും ,മേൽ മറുപടിയും ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ നിലവിലെ അവസ്ഥയും വെളിവാക്കുന്നു. പദ്ധതി പ്രവർത്തനങ്ങളിൽ ഓഡിറ്റ് വർഷത്തിലും മേല്പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കപ്പെട്ടതും താഴെ പറയുന്ന അപാകതകൾ കൂടി സംഭവിച്ചതുമാകുന്നു.

**എ) ഗ്രാന്റ് വിനിയോഗം കുറഞ്ഞു-1.89 കോടി രൂപ നഷ്ടപ്പെട്ടു**

226 പ്രോജക്ടുകൾക്കായുള്ള 14.38 കോടി രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 7.26 കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. പ്രധാന സർക്കാർ ഗ്രാന്റിനങ്ങളിലെല്ലാം ലഭ്യമായ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|
| പ്ലാൻ ജനറൽ | 18175000 | 16571437 | 1603563 |
| Scp | 7259000 | 4919017 | 2339983 |
| Tsp | 461000 | 92200 | 368800 |
| Cfc | 13891000 | 7078630 | 6812370 |
| മെയിന്റനൻസ് റോഡിതരം | 5291000 | 3186737 | 2104263 |
| മെയിന്റനൻസ് റോഡ് | 7921000 | 2257629 | 5663371 |
| ആകെ | 52998000 | 34105650 | 18892350 |

എല്ലാ ഗ്രാന്റിനങ്ങളിൽ നിന്നുമായി 1.89 കോടി രൂപ സ്ഥാപനത്തിന് നഷ്ടമായതായി മേൽ കണക്കുകൾ കാണിക്കുന്നു. കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ മറ്റുള്ളവ എന്നീ ഹെഡ്ഡുകളിൽ വകയിരുത്തലിനെ അപേക്ഷിച്ച് ചെലവ് വളരെ കുറഞ്ഞതും മൊത്തം ചെലവ് ശതമാനം കുറയാൻ കാരണമായിട്ടുണ്ട്.

**ബി) വികസന സെമിനാറിൽ അവതരിപ്പാക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ പെടുത്തി**

ആസൂത്രണമാർഗ്ഗരേഖ പ്രകാരം ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാനവിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്ന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അവയുടെ നിർദ്ദേശങ്ങളോടൊപ്പം അംഗീകാരം വാങ്ങുകയും, നിർദ്ദേങ്ങളിൽ പരിഗണിക്കേണ്ടവ പരിഗണിച്ച് പ്രോജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമായമാറ്റങ്ങൾ വരുത്തി അവ കരട് പദ്ധതി നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ വികസന സെമിനാറിൽ അവതരിപ്പിക്കണം. വികസന സെമിനാറിൽ ഉയർന്നുവരുന്ന നിര്ദ്ദേശങ്ങളിൽ പ്രസക്തമായവ പരിഗണിച്ച്, പ്രൊജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്തി, വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കണം. ഇപ്രകാരം അന്തിമമാക്കിയ വാർഷിക പദ്ധതിക്കാണ് ഭരണസമിതി അംഗീകാരം നല്കി ഡി.പി.സി അംഗീകാരം വാങ്ങേണ്ടത്. ഈ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ, വികസനസെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേങ്ങളല്ലാതെ മറ്റ് പ്രോജക്ടുകളൊന്നും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കാണാവുന്നതാണ്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെട്ടെങ്കിൽ അവ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമപ്രകാരമുള്ളവയെല്ലെന്നും കാണാവുന്നതാണ്. കൂടാതെ ഇത്തരം പദ്ധതികൾ ആവശ്യകത തിരിച്ചറിയപ്പെടാത്തവയും, മുൻഗണനാക്രമം തെറ്റിക്കുന്നതുമാണെന്ന് കാണാവുന്നതാണ്.

സ്ഥാപനത്തിലെ ഓഡിറ്റ് വർഷത്തെ അന്തിമപദ്ധതി ചെലവ് പത്രിക പരിശോധിച്ചതിൽ, എല്ലാ പ്രോജക്ടുകളും വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ക്രമനം | പദ്ധതി | | | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| | നം | പേര് | നിർവ്വഹണം | | |
| 1 | 27 | കന്നശ്ശേരി GLPസ്കൂൾ ചുറ്റുമതിൽ നിർമ്മാണം | AE | 200000 | 198927 |
| 2 | 30 | ആയുർവേദ ആശുപത്രിക്ക് കിണർ നിർമ്മാണം | AE | 100000 | 0 |
| 3 | 56 | പുറക്കിലേരിമല അമ്പലക്കണ്ടി റോഡ് | AE | 450000 | 0 |
| 4 | 59 | കങ്കാടത്ത് മങ്കണ്ടിയിൽ താഴ റോഡ് | AE | 300000 | 299112 |
| 5 | 88 | കല്ലൂർ വെറ്റിനറി സബ്സെന്റർ റിപ്പയർ | AE | 93190 | 0 |
| 6 | 99 | പാറമ്മൽ പച്ചിലക്കാട് റോഡ് സൈഡ് സംരക്ഷണവും കോൺക്രീറ്റിംഗും | AE | 400000 | 0 |
| 7 | 115 | കാപ്പുമ്മൽ താഴ പറയാറത്ത് കുന്ന് റോഡ് കോൺക്രീറ്റ് | AE | 150000 | 149546 |
| 8 | 116 | ടെലഫോൺ എക്സ്ചേഞ്ച് റോഡ് റീടാറിംഗ് | AE | 350000 | 78259 |
| 9 | 229 | കുനിയിൽ കരിമ്പനത്താഴ റോഡ് | AE | 200000 | 199161 |
| 10 | 230 | പൂവത്തും കണ്ടി കെ | AE | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| | | കെ മുക്ക് കനാൽ റോഡ് | | | |
| 11 | 231 | ചാക്കോട്ട് പാറ ഒറ്റക്കണ്ടം റോഡ് | AE | 200000 | 0 |
| 12 | 232 | തേക്കോലത്ത് നാറാണത്ത് റോഡ് കോൺക്രീറ്റ് | AE | 300000 | 295671 |
| 13 | 233 | കോറോത്ത് കണ്ടി വട്ടികുന്നത്ത് താഴ റോഡ് കോൺക്രീറ്റ് | AE | 400000 | 196134 |
| 14 | 234 | കരവാൻകണ്ടിത്താഴ നടപ്പാത | AE | 150000 | 0 |
| 15 | 237 | ചെങ്ങോട്ടേരി ചാലിൽആനേരിതാഴ റോഡ് കോൺക്രീറ്റ് | AE | 250000 | 149966 |
| 16 | 238 | വല്ലിപ്പറ്റ പുല്ലാഞ്ഞിക്കാവ് റോഡ് കോൺക്രീറ്റ് | AE | 50000 | 47566 |
| 17 | 241 | കല്ലൻകണ്ടി താഴ കനാൽ റോഡ് കോൺക്രീറ്റ് | AE | 200000 | 0 |
| 18 | 243 | കരിങ്ങാംകടവ് കണ്ണോത്ത് താഴ റോഡ് കോൺക്രീറ്റിംഗ് | AE | 250000 | 0 |
| 19 | 244 | തിരിക്കോട്ടുമ്മൽ താഴകുറ്റിയിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ് | AE | 400000 | 192602 |
| 20 | 247 | പീറ്റക്കണ്ടി മുക്ക്കരിങ്ങാട്ട് താഴ റോഡ് കോൺക്രീറ്റിംഗ് | AE | 300000 | 0 |
| 21 | 248 | തറവട്ടം കോളനി റോഡ് കോൺക്രീറ്റിംഗ് | AE | 138300 | 0 |
| 22 | 262 | കരിങ്ങാംകടവ് കണ്ണോത്ത് താഴ റോഡ് 2റീച്ച് കോൺക്രീറ്റിംഗ് | AE | 50000 | 37353 |

കേരള പഞ്ചായത്ത് രാജ് ആക്ടിനും ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മേൽ പ്രോജക്ടുകൾക്ക് തുക വകയിരുത്തിയതും ചെലവഴിച്ചതും വിശദീകരിക്കപ്പെടേണ്ടതാണ്.

**സി) റോഡ് മെയിന്റനൻസ് പ്ലാനില്ല-റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല**

ഓഡിറ്റ് വർഷത്തിൽ 18 റോഡുകൾക്ക് റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തിയിട്ടുണ്ട്.ഇതിൽ 12എണ്ണം പുതിയ പ്രൊജക്ടുകളാണ്.കൂടാതെ മറ്റ് റോഡുകളും വിവിധ ഫണ്ടുകളുപയോഗിച്ച് മെയിന്റനൻസ് നടത്തുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 29.1.2018 ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണ മാർഗ്ഗരേഖ

ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമല്ല. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു.

ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടായ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കി റിപ്പോർട്ട് നല്കേണ്ടതുമാണ്.

## 1-6 അഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ നിന്നും ബോധ്യപ്പെടുന്നു. കണക്കു സൂക്ഷിപ്പ്, വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, ചെലവുകൾ വഹിക്കുന്ന രീതി, പ്രവർത്തനങ്ങളുടെ സ്ഥാപന തല വിലയിരുത്തൽ എന്നീ തലങ്ങളിൽ പോരായ്മകൾ നിലനില്ക്കുന്നുണ്ട്. വിവിധ ജീവനക്കാരുടെ ഉത്തരവാദിത്തങ്ങളും അധികാരങ്ങളും വിഭജിച്ചു നല്കുന്ന വിശദമായതോ അല്ലാത്തതോ ആയ ഒരു ഓഫീസ് ഉത്തരവ് കാലികമായി സ്ഥാപനത്തിൽ ഇല്ല. ഔട്ട് ഡോർ കളക്ഷൻ നടത്തിവരുന്ന ജീവനക്കാരുടെ രശീതി പിരിവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം ഓഫീസ് മാനേജ്മെന്റ് മാന്വൽ പ്രകാരം ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ലാർക്കിന്റേതാണ്. എന്നാൽ നിലവിൽ ഈ ഉത്തരവാദിത്വം സീനിയർ ക്ലാർക്ക് ഉൾപ്പെടെയുള്ളവരാണ് നിർവ്വഹിക്കുന്നത്. കൂടാതെ ചില ദിവസങ്ങളിൽ പരിശോധനപോലും നടത്തുന്നില്ല. പ്രസിഡന്റ് സാക്ഷ്യപ്പെടുത്താതെ യാതൊരു ചെലവും സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും വഹിക്കാൻ പാടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവു വൗച്ചറുകളും പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തി അധികൃതപ്പെടുത്തുന്നില്ല. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല.

2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-2 ൽ അഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മകൾ വിശദമായി പരാമർശിച്ചിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങൾ പാലിച്ച് ആഭ്യന്തരനിയന്ത്ര സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-7 വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ- പഞ്ചായത്തിന് നികുതിയിനത്തിൽ വലിയ സാമ്പത്തിക നഷ്ടം

2019-20 വർഷം നമ്പർ നൽകിയ കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കിയതുമായി ബന്ധപ്പെട്ട് കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**1)** ശ്രീ. അജിത് കുമാർ, ചാത്തോത്ത് എന്നവരുടെ വാണിജ്യ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ അപേക്ഷ (എ1-2315/19 Dated 7/5/19) പ്രകാരം നിലവുലുള്ള 103.65 ച.മീ കെട്ടിടത്തിന് (10/22 മുതൽ 26വരെ) മുകളിലായി ഒന്നാം നിലയിൽ 123.04 ച.മീ ലും രണ്ടാം നിലയിൽ 15.06 ച.മീ ഉം നിർമ്മാണം നടത്തിയിട്ടുണ്ട് (10/27 A മുതൽ E വരെ

നമ്പർ നൽകി). ആകെ കെട്ടിടം 241.75 ച.മീ ഉണ്ട്. സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ നിലവിലുള്ള ഭാഗം (103.65 ച.മീ) 2013 ന് മുമ്പ് നിർമ്മിച്ച് നമ്പർ നൽകിയതാണ്. എന്നാൽ പുതുതായി നിർമ്മിച്ച മേൽ പെർമിറ്റ് പ്രകാരമുള്ള ഭാഗത്തിന് (138.1 ച.മീ) നികുതി കണക്കാക്കിയപ്പോൾ കെട്ടിടം 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ നികുതി നിരക്ക് (ച.മീറ്ററിന് 30/- രൂപ) നൽകിയാണ് നികുതി കണക്കാക്കിയത്. യഥാർത്ഥത്തിൽ 100 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടത്തിന്റെ നികുതി നിരക്കായിരുന്ന (ച.മീറ്ററിന് 50/- രൂപ) നികുതി കാണക്കാക്കാൻ എടുക്കേണ്ടിയിരുന്നത്. കെട്ടിടം പ്രാഥമിക മേഖലയിൽപ്പെടുന്നതും 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴിയുള്ളതുമാണ്.

**2)** ഉക്കച്ചൻകണ്ടി താമസിക്കും ചെങ്ങോട്ടേരി ചാലിൽ ശ്രീ.യൂസഫ്, ശ്രീമതി.സുലൈഖ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഒരു മുറി വാണിജ്യ കെട്ടിടം 122.4 ച. മീറ്റർ വീതമുള്ള രണ്ട് മുറികളാക്കി (ആകെ- 244.8) തിരിച്ച് രണ്ട് നമ്പർ അനുവദിച്ച കിട്ടുന്നതിനായി അപേക്ഷ (എ1-2977/19 Dtd 22-05-2019) സമർപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം കെട്ടിടത്തിന് 1/393, 1/393A എന്നീ കെട്ടിട നമ്പറുകൾ 2019-20 I St Half മുതൽ പഞ്ചായത്ത് നൽകി നികുതി ഈടാക്കി വരുന്നുണ്ട്. സഞ്ചയയിൽ നികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തിന് ഘടനാപരമായ മാറ്റമുണ്ടായിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള അപേക്ഷയിൽ കെട്ടിടം SAW മിൽ ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ കെട്ടിടത്തിന് 2019-20 വർഷം കെട്ടിട ഉടമയുടെ പേരിൽ വുഡ് ഇൻഡസ്ട്രി നടത്തുന്നതിനായി ലൈസൻസ് (ലൈസൻസ് രജിസ്റ്റർ 2019-20 ലെ ക്രമ നം 15) ഫീ (1000/- രൂപ) ഈടാക്കി പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഘടനാപരമായി മാറ്റം വന്നതും ഇതര വ്യവസായാവശ്യത്തിനുള്ളതുമായ (ച.മീറ്ററിന് 40/- രൂപ) ഈ കെട്ടിടത്തിന് സഞ്ചയയിൽ നികുതി കണക്കാക്കിയിരിക്കുന്നത് വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് (ച.മീറ്ററിന് 10/- രൂപ). ഇത് മൂലം ച.മീറ്ററിന് 30/- രൂപ വച്ച് 244.8 ച.മീറ്ററിന് 7344/- രൂപ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. കൂടാതെ പ്രാഥമിക മേഖലയിൽ ഉൾപ്പെട്ട കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴിയുടെ നികുതി വർദ്ധനവും (20%) നഷ്ടപ്പെട്ടു.

**3)** ശ്രീ.അമ്മദ്.സി.കെ, ചെമ്പോട്ടുകണ്ടി, ചെറിയ കുമ്പളം പാലേരി എന്നവരുടെ കംപ്ലീഷൻ പ്രകാരം (എ1-3021/19 തീ 25-5-19) നമ്പർ നൽകിയ (1/382 B,C,D,F,G,H നമ്പർ) വാണിജ്യ കെട്ടിടങ്ങൾ ആകെ 292.56 ച.മീറ്ററുണ്ട്. എന്നാൽ കെട്ടിടത്തിന് നികുതി കണക്കാക്കിയിരിക്കുന്നത് 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ നികുതി നിരക്കിലാണ് (ച.മീന് 30/- രൂപ). യഥാർത്ഥത്തിൽ 100 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടമായി കണക്കാക്കി നികുതി കാണക്കാക്കേണ്ടതായിരുന്നു (ച.മീ ന് 50/- രൂപ നിരക്കിൽ). കെട്ടിടം പ്രാധമിക മേഖലയിൽപ്പെടുന്നതും മീറ്ററിൽ കൂടുതൽ വീതിയിൽ വഴിയുള്ളതുമാണ്.

**4)** ശ്രീ. ഇബ്രാഹിം,റഷീദ്, എടക്കുടി മീത്തൽ, ഒതയോത്ത് എന്നിവരുടെ എ1-3672/18 Dtd 21-06-2018 നമ്പർ കെട്ടിട നിർമ്മാണ കംപ്ലീഷൻ അപേക്ഷ പ്രകാരം നിർമ്മാണം പൂർത്തിയായ വാണിജ്യ കെട്ടിടത്തിന് (6/150 A മുതൽ O വരെ നമ്പറുകളിലായി) 2018-19 ഒന്നാം അർദ്ധ വർഷം മുതൽ നികുതി കണക്കാക്കി 2019-20 ൽ ഈടാക്കിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം മേൽ കെട്ടിടം 354.82 ച.മീറ്ററുണ്ട്. എന്നാൽ നികുതി

കണക്കാക്കിയിരിക്കുന്നത് ആകെ 312.72 ചതുരശ്ര മീറ്ററിന് മാത്രമാണ്. കുറവ് 42.1 ച.മീറ്റർ. ഇതിൽ 6/150 'O' നമ്പർ കെട്ടിടം ഒഴികെ ബാക്കി നമ്പറില്ലുള്ള കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കിയത് 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ നികുതി നിരക്കിലാണ് (ച.മീ ന് 30/- രൂപ). യഥാർത്ഥത്തിൽ 100 ച.മീറ്ററിൽ കൂടുതലുള്ള (ച.മീ ന് 30/- രൂപ) കെട്ടിടമായി കണക്കാക്കി നികുതി കണക്കാക്കേണ്ടതായിരുന്നു. കെട്ടിടം പ്രാഥമിക മേഖലയിൽപ്പെടുന്നതും മീറ്ററിൽ കൂടുതൽ വീതിയിൽ വഴിയുള്ളതുമാണ്.

**5)** കളിപ്പങ്ങോട്ട് അബ്ദുൾ മുനീർ, നൗഷാദ്, ജംഷാദ് എന്നിവരുടെ ഉടമസ്ഥതയിൽ (140.42ച.മീ ഉള്ള) 11/15 E, 11/15 Fഎന്നീ നമ്പർ നൽകി നികുതി ഈടാക്കിയ 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യ കെട്ടിടത്തിന് 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ നികുതി നിരക്കാണ് നൽകിയിരിക്കുന്നത്. കെട്ടിടം പ്രാഥമിക മേഖലയിൽപ്പെടുന്നതും മീറ്ററിൽ കൂടുതൽ വീതിയിൽ വഴിയുള്ളതുമാണ്.

പഞ്ചായത്തിൽ വസ്തു നികുതി കണക്കാക്കുന്നതിലെ മേൽ നോട്ടച്ചുമതല നിർവഹണത്തിലെ അപാകതയാണ് മേൽ നികുതി നഷ്ടത്തിന് ഇടയാക്കിയിരിക്കുന്നത്. വാർഡ് ക്ലാർക്ക് നികുതി കണക്കാക്കി നൽകുന്നത് നേരിട്ട് സെക്രട്ടറി അംഗീകരിച്ച് വരികയാണ് ചെയ്യുന്നത്. ഓഫീസ് ഉത്തരവ് പ്രകാരം സെക്ഷൻ ക്ലാർക്കോ ഹെഡ് ക്ലാർക്കോ സെക്രട്ടറിയോ കൃത്യമായ പരിശോധന നടത്താതെ ഇപ്രകാരം നികുതി നഷ്ടം സംഭവിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ഈ നികുതി നഷ്ടം തൻവർഷത്തിൽ മാത്രമായി പഞ്ചായത്തിന് നഷ്ടപ്പെടുന്ന ഒന്നല്ല. കെട്ടിടത്തിൽ ഘടനാപരമായി മാറ്റം വരുത്തി നികുതി പരിഷ്കരിക്കുമ്പോൾ മാത്രമേ ഇത്തരം നികുതി നഷ്ടം സംഭവിച്ചത് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളു. അല്ലാത്ത പക്ഷം ഓരോ വർഷവും പഞ്ചായത്തിന് മേൽ നികുതി നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുകയാണ് ചെയ്യുക. നികുതി പരിഷ്കരണത്തിനായി കെട്ടിടം പരിഗണിക്കുമ്പോൾ പോലും നിലവിലെ വസ്തുനികുതിയിൽ മാത്രമാണ് നിശ്ചിത വർദ്ധന വരുത്തുന്നത്. അവിടെയും കെട്ടിടത്തിന്റെ അളവിലെ കുറവ് മൂലമോ നികുതി കണക്കാക്കാനെടുത്ത വസ്തുനികുതി നിരക്കിലെ കുറവ് മൂലമോ ഉണ്ടാവുന്ന നഷ്ടം പരിശോധിക്കപ്പെടുകയില്ല. അതിനാൽ പുതുതായി നമ്പർ നൽകുന്ന കെട്ടിടങ്ങളുടെ നികുതി പഞ്ചായത്ത് അംഗീകരിച്ച നിരക്കിൽ കുറവ് വരാതെ മുഴുവൻ ഏരിയയ്ക്കും ചുമത്തുന്നുണ്ട് എന്ന് സെക്ഷൻ ക്ലാർക്ക്, ഹെഡ്ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിൽ മേൽനോട്ട ചുമതലയുള്ള പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കർശനമായ നിർദ്ദേശം നൽകേണ്ടതാണ്. അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( 6/19-20 24-11-2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി നഷ്ടം കണക്കാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ നിലവിലെ വസ്തുനികുതി പരിഷ്കരണത്തിന് ശേഷം കെട്ടിട നമ്പർ നൽകിയതും മേൽ പരാമർശിച്ച അപാകതകൾ വരാൻ സാധ്യതയുള്ളതുമായ തരം വലുതും താമസാവശ്യത്തിനല്ലാത്തതുമായ കെട്ടിടങ്ങളെ വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് എടുത്ത് പരിശോധിക്കാവുന്നതും നികുതി നഷ്ടം ഉള്ളവ കണ്ടെത്തി ഈടാക്കുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടത്താവുന്നതുമാണ്.

**1-8 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല**

പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താതെയാണ്

പെർമിറ്റുകൾ അനുവദിക്കുന്നത്. 2019-20 വർഷം അനുവദിച്ച ആകെ ബിൽഡിംഗ് പെർമിറ്റുകൾ, ക്രമവൽക്കരണം (റെഗുലറൈസ്) ചെയ്ത കെട്ടിടങ്ങൾ എന്നിവ എത്രയാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/19-20 Dtd 18-11-21) ഇത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല എന്നാണ് പഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നത്. ഇതിനാൽ തന്നെ ആകെ കെട്ടിട നിർമ്മാണത്തിനായി 2019-20 ൽ ലഭിച്ച 430 അപേക്ഷകളിൽ എത്ര എണ്ണത്തിന് സമയബന്ധിതമായി പെർമിറ്റ് അനുവദിച്ചു എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പെർമിറ്റ് കാലാവധി കഴിയുന്ന കെട്ടിടടങ്ങളെ കണ്ടെത്തുന്നതിനോ അവയ്ക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനോ കഴിയുകയുമില്ല. ഇത് അനധികൃത നിർമ്മാണ സാധ്യത വർധിപ്പിക്കുന്നു. ഇത് സംബന്ധിച്ച് 2018-19 ഓഡിറ്റിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-3 ൽ വിശദമായി പരാമർശിച്ചും പഞ്ചായത്ത് ഇത് പരിഗണിക്കുകയോ തെറ്റ് തിരുത്തൽ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അതിനാൽ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ട് എന്ന് സൂപ്പർവിഷൻ ചാർജ്ജുള്ള ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ കൃത്യമായി പരിശോധിച്ച് ഉറപ്പിക്കേണ്ടതും സമയബന്ധിതമായി കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നു എന്ന് ഉറപ്പ് വരുത്തി അനധികൃത നിർമ്മാണം തടയുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്..

**1-9 അനധികൃത നിർമ്മാണത്തിന് യു.എ നമ്പർ നൽകി നികുതി ഈടാക്കിയില്ല.**

ശ്രീമതി.വൽസല.പി.ടി, ശ്രീവൽസം, ചിറക്കൊടി എന്നവരുടെ 30-09-2019 ലെ എ1-5346/19 നമ്പർ അപേക്ഷയിൽ അനധികൃത നിർമ്മാണം (കൊമേഷ്യൽ കെട്ടിടം) ക്രമവൽക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ അപേക്ഷയിൽ അപാകതയുള്ളതായി ഓവർസിയർ 15/10/19 ന് റിപ്പോർട്ട് ചെയ്യുകയും ഇത് പ്രകാരം കക്ഷിക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ കെട്ടിടം ക്രമവൽക്കരിക്കുകയോ യു.എ നമ്പർ നൽകുകയോ ചെയ്തിട്ടില്ല. ഇത് സമ്പന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20-21 തീ. 25-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ നിന്നുള്ള യു.എ രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് നൽകിയതല്ലാതെ മാന്വലായുള്ള അനധികൃത നിർമ്മാണ രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സഞ്ചയ പ്രകാരമുള്ള അനധികൃത നിർമ്മാണ രജിസ്റ്ററിൽ ആകെ 13 അനധികൃത നിർമ്മാണങ്ങളാണുള്ളത്. ഇവ ക്രമവൽക്കരിക്കുന്നതിനോ പൊളിച്ചു കളയുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**1-10 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - പിഴ ഈടാക്കിയില്ല.**

2019-20 വർഷത്തിൽ പൂർത്തീകരിച്ച താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2112.1 പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തി ദീർഘീകരണത്തിന് കരാറുകാരൻ, നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തരം അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുമ്പോൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കണം . ഈ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ

ദീർഘിപ്പിച്ച് നല്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുമ്പോൾ 2% പിഴയാണ് ഈടാക്കേണ്ടത്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികമാകുവാനും പാടുള്ളതല്ല. എന്നാൽ 6 മാസ കാലാവധി അനുവദിച്ചിട്ടുള്ള പദ്ധതികളിൽ പരമാവധി കാലയളവായ 9 മാസത്തിൽ അധികരിച്ചും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ട് | കരാർ തിയ്യതി | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | പി.എ.സി തുക (രൂ) | കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|---|
| 1. | 219/19-20, കടിയങ്ങാട്-പുഴക്കിനി നട റോഡ് | 17.09.18 | 6 മാസം. | 30.04.19 | 500000 | കൊയിലാണ്ടി താലൂക്ക് ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റി. | 5000 |
| 2 | 198/19-20, തെക്ക്യേടത്ത് കടവ് എടത്തും താഴ റോഡ് | 05.03.19 | 6 മാസം. | 16.03.20 | 650000 | സന്തോഷ് കുമാർ.ടി | 19500 |

2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരം കരാറുകാരൻ കരാറിലേർപ്പെടുന്നതിന് മുമ്പ് പ്രവൃത്തിയുടെ ഓരോ ഘട്ടത്തിന്റെയും പൂർത്തീകരണ സമയക്രമം വ്യക്തമാക്കി നിർവ്വഹണ സമയക്രമം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് പഞ്ചായത്തിന് സമർപ്പിക്കേണ്ടതും ആയത് കരാറിന്റെ ഭാഗമാക്കേണ്ടതുമാണ്. മേൽ വ്യവസ്ഥ പാലിക്കാതിരുന്നത് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ട്. കാലതാമസം മൂലം ആസൂത്രണം ചെയ്ത സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമാവുകയും പദ്ധതികൾ സ്പിൽ ഓവറായി ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമാവുകയും ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമായിട്ടുള്ള മോണിട്ടറിംഗ് ചുമതല നിർവ്വഹിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.

പട്ടികയിൽ ക്രമനമ്പർ 2 ആയി പരാമർശിച്ചിട്ടുള്ള തെക്ക്യേടത്ത് കടവ് എടത്തും താഴ റോഡ് പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസമാണ്. എന്നാൽ പരമാവധി ദീർഘീകരണ കാലമായ 9 മാസം പിന്നിട്ടിട്ടാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, അനുവദിച്ച സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ സ്ഥാപനം നടപടി സ്വീകരിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവ ചുമതലാപരമായ പങ്ക് വഹിക്കുന്നതിലുണ്ടായ വീഴ്ചയാണ് മേൽ അപാകതകൾക്ക് കാരണമായിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടിക പ്രകാരമുള്ള പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും, കാലതാമസം വരുത്തിയ മറ്റ് പദ്ധതികളുണ്ടോയെന്ന് പരിശോധിച്ച് സമാന നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രവൃത്തി നിർവ്വഹണ കലണ്ടർ കരാറിന്റെ ഭാഗമാക്കേണ്ടതും സമയക്രമം അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തേണ്ടതുമാണ്.

**1-11 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി ചെലവ് അടങ്കൽ ചെയ്തതിന്റെ 30.3 % മാത്രം**

2019-20 വർഷത്തെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത 110 പദ്ധതികളിൽ 45 പദ്ധതികൾ മാത്രമെ നിർവ്വഹണം നടത്തിയിട്ടുള്ളൂ. നടപടി ക്രമങ്ങളിലെ കാലതാമസം, പദ്ധതികളുടെ ആസൂത്രണ-നിർവ്വഹണ ഘട്ടത്തിലുണ്ടായ കാലതാമസം, വർക്കിംഗ് ഗ്രൂപ്പ് -സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ഇടപെടലിലുണ്ടായ വീഴ്ച എന്നിവ കാരണം പൊതുമരാമത്ത് പ്രവൃത്തികൾക്കായി അടങ്കൽ ചെയ്ത തുകയിൽ 20225488 രൂപ സ്ഥാപനത്തിന് ചെലവഴിക്കാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**സാങ്കേതികാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം**

2019-20 വർഷത്തെ നടപ്പാക്കാത്ത 65 പദ്ധതികളിൽ 10 പദ്ധതികളിന്മേൽ 2019-20 വർഷത്തിൽ തന്നെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് പോലും പഞ്ചായത്തിന് സാധിച്ചിട്ടില്ല. (ഉദാ- പ്രോജക്ട് നം-139/2020). 2018-19 വർഷത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിന്മേൽ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. 10.07.2019 തിയ്യതിയിലാണ് ആദ്യത്തെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളത്. 2019-20 വർഷത്തിൽ നടപ്പിലാക്കാത്ത 65 പദ്ധതികളിൽ 18 പ്രോജക്ടുകൾ സ്പിൽഓവർ പ്രോജക്ടുകളാണ്. തൻ വർഷം ആസൂത്രണം ചെയ്ത 47 പദ്ധതികളിൽ സമയബന്ധിതമായി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾക്ക് പട്ടിക കാണുക.

| ക്രമ നം | മാസം | സാങ്കേതികാനുമതി ലഭ്യമായ പദ്ധതികളുടെ എണ്ണം |
|---|---|---|
| | ജൂലായ് | 3 |
| | സെപ്തംബർ | 13 |
| | ഒക്ടോബർ | 8 |
| | നവംബർ | 6 |
| | ഡിസംബർ | 2 |
| | ജനുവരി | 2 |
| | മാർച്ച് | 3 |
| ആകെ | | 37 |

2018-19 വർഷത്തിൽ ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

**ടെണ്ടർ, റീ ടെണ്ടർ നടപടി ക്രമങ്ങളിൽ കാലതാമസം**

10.10.2019 തിയ്യതിയിലാണ് ആദ്യ ടെണ്ടർ നടപടികൾ സ്വീകരിച്ചത്. ആദ്യ ടെണ്ടറിൽ മേൽ പരാമർശിച്ച 47 പ്രോജക്ടുകളിൽ 12 എണ്ണം മാത്രമെ ഉൾപ്പെടുത്തിയിരുന്നുള്ളൂ. 10.07.2019 തിയ്യതിയിൽ സാങ്കേതികാനുമതി ലഭിച്ച 44/20, കോളോത്ത് കണ്ടിത്താഴ കന്നാട്ടി എൽ.പി സ്കൂൾ റോഡ് ടെണ്ടർ ചെയ്തത് 14.11.2019 തിയ്യതിയിലാണ്. ടെണ്ടർ, റി-ടെണ്ടർ നടപടികളിലെ കാലതാമസവും ഫണ്ട് നഷ്ടത്തിന് കാരണമായിട്ടുണ്ട്.

**പൂർത്തീകരണ കാലപരിധി സാമ്പത്തിക വർഷാവസാനവും കഴിഞ്ഞുള്ള തീയതിയിൽ!**

2019 ഒക്ടോബർ മാസത്തിലാണ് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളത് , 6 പദ്ധതികളിലൊഴികെയുള്ള 31 പദ്ധതികളിൽ കരാർ ചമച്ചത് 2019 ഡിസംബർ മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിലാണ്. സാങ്കേതിക അനുമതി പത്രിക പ്രകാരം മേൽ പദ്ധതികളുടെ ശരാശരി പൂർത്തീകരണ കാലയളവ് 6 മാസമാണ്. ആയതിനാൽ 2019 ഒക്ടോബർ മുതൽ ടെണ്ടർ ചെയ്ത പ്രവൃത്തികൾ സാമ്പത്തിക വർഷത്തിനകം പൂർത്തീകരിക്കാൻ സാധാക്കാത്ത സാഹചര്യം ഉണ്ടായി. വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി മോണിറ്റർ ചെയ്യുന്നതിലുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**<u>ബില്ലുകൾ വൈകി സമർപ്പിച്ചത് മൂലം 6154561 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയി.</u>**

10.03.2020 മുതൽ 30.03.2020 മുതലുള്ള സമയത്തിനുള്ളിൽ 6154561 രൂപയുടെ 26 ബില്ലുകളാണ് അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത ബില്ലുകളെല്ലാം തന്നെ ക്യൂ ബിൽ ആവുകയും തത്വത്തിൽ പഞ്ചായത്തിന് ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തു. 10.03.2020 വരെ നിർവ്വഹണ ഉദ്യോഗസ്ഥൻ 41 ബില്ലുകൾ മാത്രമാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത്. ആകെ ബില്ലുകളുടെ 38.8 ശതമാനം ബില്ലുകളും സാമ്പത്തിക വർഷത്തിന്റെ അവസാന രണ്ടാഴ്ചയിലാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്.

മേൽ പറഞ്ഞ പ്രകാരമുള്ള നടപടി ക്രമങ്ങളിലെ കാലതാമസം സ്ഥാപനത്തിന് നഷ്ടപ്പെടുത്തിയത് 20225488 രൂപയും വികസനസാധ്യതയുള്ള ഒരു വർഷവുമാണ്. അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ചുമതലാപരമായ വീഴ്ച കാലതാമസത്തിന് കാരണമായിട്ടുണ്ട്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

**<u>1-12 പ്രഭാത ഭക്ഷണം - വിദ്യാർത്ഥികൾക്ക് സുരക്ഷിതമല്ലാത്ത ഭക്ഷണം വാങ്ങി നൽകി</u>**

പ്രോജക്ട് നമ്പർ - 105

ചെലവ് - 379364 (വികസനഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 6 ഗവൺമെന്റ് എൽ.പി സ്കൂളുകളിലെ പഠിതാക്കൾക്ക് പ്രഭാത ഭക്ഷണം നൽകിയതിന് തൻവർഷം 379364 രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. വിവിധ സ്കൂളുകൾ തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| സ്കൂളിന്റെ പേര് | ചെലവഴിച്ച തുക |
|---|---|
| ജിഎൽപി സ്കൂൾ, വടക്കുമ്പാട് | 124179 |
| ജിഎൽപി സ്കൂൾ , കുന്നശ്ശേരി | 30390 |
| ജിഎൽപി സ്കൂൾ, കുനിയോട് | 28550 |
| ജിഎൽപി സ്കൂൾ, മുതുവണ്ണാച്ച | 41165 |
| ജിഎൽപി സ്കൂൾ, ചെറിയകുമ്പളം | 123990 |
| ജിഎൽപി സ്കൂൾ, ചങ്ങരോത്ത് | 31090 |

ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ വിദ്യാർത്ഥികൾക്ക് സ്കൂളിൽവെച്ച് പാകം ചെയ്ത ഭക്ഷണം നൽകുന്നതിന് പകരം മാർക്കറ്റിൽ നിന്ന്/ വ്യക്തികളിൽ നിന്ന് ചപ്പാത്തി, പൊറോട്ട, വെള്ളയപ്പം, ഉണ്ണിയപ്പം തുടങ്ങിയവ വാങ്ങി വിതരണം ചെയ്തതായി കാണുന്നു. ഗുണനിലവാരം ഉറപ്പു വരുത്താത്ത ഇത്തരം ഭക്ഷ്യവസ്തുക്കൾ കുട്ടികളുടെ ആരോഗ്യത്തിന് ഭീഷണിയാകാൻ സാദ്ധ്യതയുണ്ട്. ഇങ്ങനെ വാങ്ങി നൽകിയ ചില ഭക്ഷ്യവസ്തുക്കൾ ഉദാഹരണമായി താഴെ കൊടുത്തിരിക്കുന്നു.

| തിയ്യതി | സ്കൂളിന്റെ പേര് | നൽകിയ | വിതരണം ചെയ്ത |
|---|---|---|---|

| | | പ്രഭാത ഭക്ഷണം | വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 7.06.2019 | ജിഎൽപി സ്കൂൾ, മുതുവണ്ണാച്ച | ചപ്പാത്തി 150 എണ്ണം | കൈലാസ് ഫുഡ്സ്, പേരാമ്പ്ര |
| 25.06.2019 | ജിഎൽപി സ്കൂൾ, മുതുവണ്ണാച്ച | പൊറോട്ട 150എണ്ണം | സാപ്പിഡ് ഫുഡ്സ്, പേരാമ്പ്ര |
| 26.08.2019 | ജിഎൽപി സ്കൂൾ, വടക്കുമ്പാട് | 275 ബോണ്ട | സത്യൻ |

കുട്ടികളിലെ ശാരീരിക മാനസിക വളർച്ചയ്ക്കും വികാസത്തിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം പ്രദാനം ചെയ്യുന്നതിനും ഉതകുന്ന തരത്തിൽ ധാന്യകം, മാംസ്യം, കൊഴുപ്പ്, ധാതുക്കൽ, തുടങ്ങിയ പോഷക ഘടകങ്ങൾ ആവശ്യമായ അളവിലും അനുപാതത്തിലും ലഭിക്കുന്ന വിധത്തിലാണ് കുട്ടികൾക്കുള്ള ഭക്ഷണവിതരണ പദ്ധതികൾ നടപ്പിലാക്കേണ്ടത്. ഇത് സുരക്ഷിതമായി വൃത്തിയുള്ള സാഹചര്യത്തിൽ സ്കൂളിൽ വെച്ച് പാചകം ചെയ്ത് നൽകേണ്ടതാണ്. (പൊതുവിദ്യാഭ്യാസ ഡയരക്ടറുടെ 30.05.2017 ലെ നം.എൻ.എം(1)39000/2017 നമ്പർ സർക്കുലർ കാണുക) ഇക്കാര്യത്തിൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഉറപ്പാക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി നൽകേണ്ടതും ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-13 പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയതിൽ കുറവ്.**

ആദായ നികുതി നിയമം സെക്ഷൻ 194 സി വകുപ്പ് പ്രകാരം വ്യക്തികൾക്ക് ഒരു ശതമാനവും സ്ഥാപനങ്ങൾക്ക് രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ 2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയതും സ്ഥാപനങ്ങൾ കരാറുകാരായതുമായ താഴെ പറയുന്ന പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഒരു ശതമാനം ആദായ നികുതി മാത്രമെ ഈടാക്കിയിട്ടുള്ളൂ.

| ക്രമ നം | പ്രോജക്ടിന്റെ വിശദാംശം | ആകെ പ്രവൃത്തിമൂല്യം | ഈടാക്കേണ്ടിയിരുന്ന IT | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | 228/20, റെക്കോർഡ് റൂം നിർമ്മാണം<br>കരാറുകാരൻ- റബ്കോ | 662820 | 13256 | 6628 | 6628 |
| 2 | 219/20, കടിയങ്ങാട് – പുഴക്കിനിനട റോഡ്<br>കരാറുകാരൻ- കൊയിലാണ്ടി താലൂക്ക് ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 492146 | 9843 | 4921 | 4922 |
| | ആകെ | | | | 11550 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈനൽ ബിൽ, മെമ്മോ ഓഫ് പേയ്മെന്റ് എന്നിവ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറും ബില്ലിൽ ഒരു ശതമാനം ആദായ നികുതി കുറവ് ചെയ്യുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്.

ആദായനികുതി ഇനത്തിൽ കുറവ് വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 15.11.2021 മുതൽ 26.11.2021 വരെ | ഈ റിപ്പോർട്ടിനൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | - |
| | 2019-20 | 2000000 | ലൈഫ് പദ്ധതി (ജനറൽ) | 2000000 | - |
| | 2019-20 | 95000 | എല്ലാരും പാടത്തേക്ക് | 79980 | 15020 |
| | 2019-20 | 300000 | ലൈഫ് പദ്ധതി (പട്ടികജാതി) | - | 300000 |
| | 2019-20 | 500000 | മിൽക്ക് ഇൻസെന്റീവ് | 49101 | 450899 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | - |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 13500000 | ലൈഫ് പദ്ധതി (ജനറൽ) | 6785000 | 6715000 |
| | 2019-20 | 1000000 | ലൈഫ് പദ്ധതി (പട്ടികജാതി)A | 704701 | 295299 |
| | 2019-20 | 200000 | മിൽക്ക് ഇൻസെന്റീവ് | 120541 | 79459 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര് | തുക | വർഷം | നിക്ഷേപിച്ച ഏജൻസി | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| കക്കടുമ്പിൽ മീത്തൽ കനാൽ പാലം | 930000 | 2019-20 | ഇറിഗേഷൻ വകുപ്പ് | 930000 | പൂർത്തീകരിച്ചു |
| ചെപ്രോൽ കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ | 197000 | 2019-20 | കെ.എസ്. ഇ.ബി | 197000 | പൂർത്തീകരിച്ചു |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ

ഓഡിറ്റ് വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | ജി ഒ 322/2010/തസ്വ ഭവ തി.29.01.2010 | | 1269033 | 1269033 | | 0 |
| ലൈഫ് ഭവനപദ്ധതി | | 8120000 | 22480000 | 0 | 0 | 30600000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 50,00,000 |
| ആകെ | 50,10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50,10,000 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇ എം എസ് മെമ്മോറിയൽ കോ.ഓപ്പ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ പേരാമ്പ്ര, ഷെയർ സർട്ടിഫിക്കറ്റ് നം.1426, 26.08.2004 | 10,000 |
| സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക് -ചങ്ങരോത്ത്- നം-2009866 മുതൽ 2009875 വരെ | 50,00,000 |
| ആകെ | 50,10,000 |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2002-03 | 3-14 | 180 | എം.കെ.ഗോപാലൻ | 119040100541 തീ.29.04.2019 |
| 2002-03 | 3-14 | 240 | എം ലളിത | 119040100542 തീ.29.04.2019 |
| 2002-03 | 3-14 | 50 | സി.എം ദേവി | 119040100543 തീ.29.04.2019 |
| 1998-99 | 3-39 | 1067 | കെ.കെ.അച്യുതൻ | 119040100544 തീ.29.04.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 43 | 2003-04 | പൊതു പരാമർശം | മൺപാത്ര നിർമ്മാണം തുടങ്ങിയതിന് രേഖകളില്ല. |
| 1998-99 | 44 | -Do- | -ടി- | പായ,കൊട്ട, മുറം നിർമ്മാണ യൂനിറ്റ് തുടങ്ങിയതിന് രേഖകളില്ല. |

| | | | | |
|---|---|---|---|---|
| 2000-01 | | 2004-05 | -ടി- | നികുതി പിരിവിൽ അലംഭാവം |
| 2001-02 | 2(1) A,B 2(2), 2(3), 2(4), 2(5), 2(12) | 2006-07 | -ടി- | മണൽ വില്പന റിവർ മാനേജ്മെന്റ് ഫണ്ട് അടവാക്കുന്നില്ല. |
| | 4.2.8 | 2014-15 (പ്രവർത്തന ക്ഷമതാ റിപ്പോർട്ട്) | | ആർ.എം.എഫ്. ൽ ഒടുക്കിയ തുക കുറവ് |
| | 5.71 | | | മൃഗസംരക്ഷണം നീക്കി വെയ്ക്കുന്ന തുകകൾ പരിമിതം |
| | 5.7.3 | | | മൃഗസംരക്ഷണ പദ്ധതി നാമമാത്രം, പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ |
| | 5-7.12 | | | കർഷകർക്ക് പരിശീലനം നൽകിയില്ല, ഗോരക്ഷാ ക്യാമ്പ് നടത്തിയില്ല, സംസ്ഥാന വിഹിതം ലഭ്യമാക്കാത്തതിലെ കാലതാമസം, കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല |
| 2015-16 | അനുബന്ധം-5 | 2016-17 | | തൊഴിൽ നികുതി അപാകതകൾ |

**4-9 ചാർജ്/ സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89822919 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90926379 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇനം |
|---|---|---|---|
| 1-13 | 11550 | സുധീർനാഥ് കെ.സി<br>അസി.എഞ്ചിനീയർ | ആദായനികുതി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുധീർനാഥ്.കെ.സി<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>ചങ്ങരോത്ത് ഗ്രാമ പഞ്ചായത്ത് | ശ്രീരഞ്ജിനി<br>കല്ലാടംചാലിൽ<br>കരുമല<br>ബാലുശ്ശേരി |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1993-94 | കെ.എസ്.എ.കെ.കെ.ഡി.പി7/877/19(1) തീ.08.02.2021 | 1 | 20 |
| 1996-97 | കെ.എസ്.എ.കെ.കെ.ഡി.പി7/877/19(2)തീ.08.02.2021 | 4 | 25(1), 29, 30(1), 30(2) |
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.പി7/877/19(3)തീ.08.02.2021 | 1 | 33 |
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി4/534/18(4)തീ.5.6.2018 | 3 | 39, 43, 44 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി7/877/19(5)തീ.08.02.21 | 1 | 36 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി7/877/19(5)തീ.08.02.21 | 2 | 3,7 |
| 2001-02 പ്ലാൻ | എൽഎഫ് കെകെഡി പി2/832/03 തി 11.11.05 | 5 | 6, 8, 9, 10, 11 |
| 2002-03 | എൽഎഫ് കെകെഡി പി7/877/19 തി 08.02.21 | 8 | 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, |

| | | | |
|---|---|---|---|
| | | | 3-14 |
| 2003-04 | എൽഎഫ് കെകെഡി പി7/ 877/19 തി 08.02.21 | 22 | 2-1, (4, 5, 6, 8)2-2, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-5, 3-6, 3-9, 3-10, 3-11, 3-13, 3-16, 3-17, 3-18, 3-19 |
| 2004-05 | എൽഎഫ് കെകെഡി പി7/ 877/19(9) തി 08.02.21 | 8 | 2-1, 2-2, 2-3, 3-2, 3-3, 3-5,3-6,4-4 |
| 2005-06 | എൽഎഫ് കെകെഡി പി4/ 837/09 തി 4.8.09 | 15 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2006--07 | എൽഎഫ് കെകെഡി പി4/ 1157/11 തി 20.1.12 | 31 | 2-1, 2-2, 2-3, 2-5, 2-6, 2-7, 2-8, 2-9, 3-3, 3-5, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30 |
| 2007-08 | എൽഎഫ് കെകെഡി പി4/ 1158/11 തി 3.2.12 | 26 | 2-5, 2-7, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17,3-18, 3-19, 3-20, 3-21, 3-23, 3-24, 3-25 |
| 2008-09 | എൽഎഫ്.കെകെഡിപി4/ 1935/12 തി 25.1.13 | 21 | 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11(1), (2), 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2009-10 | എൽഎഫ്.കെകെഡിപി4/ 1940/12 തി 28.1.13 | 20 | 2-2, 3-1, 3-2, 3-3, 3-4, |

| | | | |
|---|---|---|---|
| | | | 3-5, 3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2010-11, 2011-12 | എൽഎഫ്.കെകെഡിപി4/ 2200/14 തി 2.5.15 | 21 | 2-1, 2-2(2), 2-2(3), 2-2(4), 2-3, 3-2, 3-6(1), 3-6(2), 3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-18, 3-19, 3-21, 3-22, 3-23, 3-25 |
| 2012-13 | കെ എസ് എ കെ കെ ഡി/പി4/ 210/14 29.10.15 | 27 | 1-2, 1-3, 1-4,2-2ബി, 2-4(2), 2-4(4), 2-6(2) , 2-6(4), 2-6(5), 2-7, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-18, 3-19, 4-1(1), 4-1(2) |
| 2013-14, 2014-15 | കെ എസ് എ കെ കെ ഡി/പി4/ 1387/ 16 | 10 | 3-1, 3-2, 3-3, 3-5, 3-6, 3-7, 3-11, 3-12, 3-13, 3-15 |
| 2015-16 | *കെ എസ് എ കെ.കെ.ഡി/പി 4/ 2098/2016 തീ.5.5.17* | 2-1,2-2,2-3,2-4, 2-5,3-1, 3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10, 3-11,3-12, 3-13 | |
| 2016-17 | കെ എസ് എ കെ.കെ.ഡി/പി 4/ 529/18 തീ. 03.04.2018 | 20 | 2-1(3), 2-2, (1, 2, 3, 4 ,5), 2-3, 3-1, 3-3, 3-4, 3-5, 3-7, 3-8, 3-11, 3-12(1), (2), 3-13, 3-14, 3-15, 3-16 |
| 2017-18 | നം. കെ.എസ്.എ.കെ.കെ.ഡി.പി.7/ 1309/2020തീ.29.01.2021 | 19 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, |

| | | | |
|---|---|---|---|
| | | | 3-10, 3-11, 3-12, 3-13 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി.പി.7/ 1746/2019 തീ 15.11.2019 | 26 | 1-1മുതൽ 1-26 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്